The Heavenly Light Ministry

നന്ദിയാലെന്നുള്ളം തുള്ളുന്നേ
വല്ലഭാ നിൻ സ്നേഹം ഓർക്കുമ്പോൾ
വർണ്ണിച്ചീടാൻ സാദ്ധ്യമല്ലിത്
എൻ ജീവിതത്തിൽ ചെയ്ത ക്രിയകൾ (2)

കൊടും പാപിയായിരുന്നെന്നെ
വൻ ചേററിൽ നിന്നും കയററി
ക്രിസ്തുവാകും പാറമേൽ നിർത്തി
പുത്തൻ പാട്ടും എന്റെ നാവിൽ തന്നതാൽ നന്ദിയാൽ..

വൻ ശോധനാ വേളയിൽ തീച്ചൂളയിൻ നടുവിൽ
ചാരത്തണഞ്ഞു രക്ഷിച്ച
മമകാന്തനെ നിൻ സ്നേഹമോർക്കുമ്പോൾ നന്ദിയാൽ..

ഈ ലോകം തരാത്ത ശാന്തിയെ
ഹൃത്തെ നിറച്ചു സ്നേഹവാൻ
എന്നെയും കാത്തിടുന്നെന്നെ
നിത്യം കാന്തയായി തൻ കൂടെ വാഴുവാൻ നന്ദിയാൽ..